**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 458** **08-06-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതിക്കമ്പി പൊട്ടിവീഴൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ പല ഭാഗത്തും പൊട്ടിവീണ വൈദ്യുതിക്കമ്പിയിൽ നിന്ന് ഷോക്കേറ്റ് മരണം സംഭവിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വൈദ്യുതിക്കമ്പിപൊട്ടി വീഴുമ്പോൾ ഉടൻതന്നെ വൈദ്യുതി വിച്ഛേദിക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. വൈദ്യുതി ലൈൻ പൊട്ടിയാൽ ഓട്ടോമാറ്റിക് റിലേ സംവിധാനം ഉപയോഗിച്ചുള്ള തനിയെ സപ്ലൈ ഓഫ് ആകുന്ന സംവിധാനം 11 KV മുതൽ മുകളിലേയ്ക്കുള്ള ലൈനുകളിലാണ് നിലവിലുള്ളത്. എന്നാൽ എൽ.റ്റി. ലൈനുകളിൽ കമ്പി പൊട്ടുന്ന അവസരത്തിൽ കമ്പികൾ തമ്മിൽ കൂട്ടിമുട്ടിയാൽ അമിതമായി വൈദ്യുതി പ്രവാഹം ഉണ്ടാകുമ്പോൾ വൈദ്യുതി ബന്ധം സ്വയം വിഛേദിയ്ക്കുന്ന ഫ്യൂസ് സംവിധാനം നിലവിലുണ്ട്. കമ്പി പൊട്ടി വീഴുന്നതു പോലുള്ള അത്യാവശ്യ ഘട്ടങ്ങളിൽ പൊതുജനങ്ങൾക്കു നേരിട്ട് വിളിച്ചറിയിക്കുന്നതിന് “9496010101” എന്ന നമ്പറിലെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. എൽ.റ്റി. ലൈൻകമ്പി പൊട്ടിയാൽ സപ്ലൈ ഓഫ് ആകുന്നതിനു വേണ്ടി, പരീക്ഷണ അടിസ്ഥാനത്തിൽ ട്രാൻസ്ഫോർമർകൾക്കു എൽ.റ്റി. സൈഡ്-ൽ എം.സി.സി.ബി സ്ഥാപിക്കുക (തിരുവനന്തപുരം ജില്ലയിലെ കല്ലറ ഇലക്ട്രിക്കൽ സെക്ഷൻ) തുടങ്ങിയ പ്രവർത്തികളും പുരോഗമിച്ചു വരുന്നു. എല്ലാത്തരം സൈറ്റ് അവസ്ഥകളിലും മേൽപറഞ്ഞ നിർദ്ദിഷ്ട സിസ്റ്റത്തിന്റെ (എം.സി.സി.ബി) സമ്പൂർണ്ണ കാര്യക്ഷമത കണ്ടെത്തുന്നതിനായി ഫീഡ് ബാക്ക് പഠനങ്ങൾ നടന്നു വരുന്നു. |
| (സി) | ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നു വിശദമാക്കുമോ? | (സി) | ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ കെ.എസ്.ഇ.ബി.എൽ സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർത്തിരിക്കുന്നു. 1.. ദ്രവിച്ച |

| | | | | |
|---|---|---|---|---|
| | | | | കമ്പികൾ പൊട്ടിയുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ സുരക്ഷയെ മുൻനിർത്തി പി.എം.എസ് .യു (പ്രൊജക്റ്റ്മാനേജ്മന്റ് സബ് യൂണിറ്റ്) പദ്ധതിയിൽ ഉൾപ്പെടുത്തി മുൻഗണന ക്രമത്തിൽ AAC കണ്ടക്ടർ മാറ്റി പകരം ACSR ആക്കുന്നതിനുള്ള നടപടികൾസ്വീകരിച്ചു വരുന്നു. 2. കമ്പി കൂട്ടിയടിക്കാതെയിരിക്കാനും പൊട്ടിയാൽ പോലും താഴോട്ട് വീഴാതിരിക്കാനും എൽ.റ്റി ലൈനുകളിൽ സ്പെയ്സറുകൾ സ്ഥാപിക്കുന്നു. 3. കമ്പി പൊട്ടി വീഴുന്നതുപോലുള്ള അത്യാവശ്യ ഘട്ടങ്ങളിൽ പൊതുജനങ്ങൾക്കു നേരിട്ട് വിളിച്ചറിയിക്കുന്നതിന് “9496010101” എന്ന നമ്പറിലെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. 4. കേരളത്തിലെ വിവിധ എൻജിനിയറിംഗ് കോളേജുകളുമായി ബന്ധപെട്ട് കമ്പികൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ ആധുനിക രീതിയിലുള്ള സുരക്ഷാസംവിധാനം രൂപപ്പെടുത്തു ന്നതിനുള്ള സാദ്ധ്യത പഠനം നടത്തി വരുന്നു. 5. കൂടുതലൽ സെൻസിറ്റീവ് പ്രദേശങ്ങൾ ആയ സ്കൂളുകൾ, ആശുപത്രികൾ, ആരാധനാലയങ്ങൾ തുടങ്ങിയവയുടെ സമീപത്തുള്ള പ്രതിഷ്ഠാപനങ്ങളിലും തുടർന്ന് മറ്റു പ്രദേശങ്ങളിലും സ്പേസർ, ഗാർഡിംഗ് മുതലായവ സ്ഥാപിച്ചു ബാക്കിയുള്ള സ്ഥലങ്ങളിൽ ഘട്ടം ഘട്ടമായി നടപ്പിലാക്കിവരുന്നു. 6. ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലും, ഇടുങ്ങിയ പ്രദേശങ്ങളിലും 'ഏരിയൽ ബഞ്ചഡ് കണ്ടക്ടർ (എബിസി) ഉപയോഗിക്കുന്ന വർക്കുകൾ നടന്നുവരുന്നു. വൈദ്യുത ലൈൻ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ പേട്ട ഇലക്ട്രിക്കൽ സെക്ഷനിൽ ലൈനുകളിൽ സ്പേസറുകളും, ഗാർഡിംഗും സ്ഥാപിക്കുകയും കൂടാതെ ട്രാൻസ്ഫോർമറിന് കാര്യക്ഷമമായ പ്രൊട്ടക്ഷൻ നൽകുകയും ചെയ്യുന്ന പദ്ധതി ഈ വർഷം നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ടി പദ്ധതി ഫലപ്രദമായാൽ മറ്റു സെക്ഷനുകളിലും പദ്ധതി നടപ്പാക്കാവുന്നതാണ്. sd/- സെക്ഷൻ ഓഫീസർ |

സെക്ഷൻ ഓഫീസർ